## പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാചോദ്യം നം. 247**

**10.03.2017-ന് മറുപടിയ്ക്ക്**

# അന്തർ ദേശീയ നിലവാരമുള്ള ആയിരം സ്കൂളുകൾ പദ്ധതി

**ചോദ്യം**

ശ്രീ.സണ്ണി ജോസഫ്
,, കെ.എസ്.ശബരീനാഥൻ
,, അനിൽ അക്കര
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | അന്തർ ദേശീയ നിലവാരമുള്ള ആയിരം സ്കൂളുകൾ അഞ്ചു വർഷം കൊണ്ട് യാഥാർത്ഥ്യമാക്കുന്ന പദ്ധതി എത്ര സ്കൂളുകളിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കി; | (എ) | അന്തർ ദേശീയ നിലവാരമുള്ള ആയിരം സ്കൂളുകൾ അഞ്ചു വർഷം കൊണ്ട് യാഥാർത്ഥ്യമാക്കുന്ന പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അൺ എയ്ഡഡ് സ്കൂളുകളിലെ പഠന സൗകര്യം പൊതു വിദ്യാലയങ്ങളിൽ ഒരുക്കുന്നതിനായി പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കിയ സൗകര്യങ്ങൾ എന്തൊക്കെയാണ്; | (ബി) | മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നു വരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐസിടി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ, ഐസിടി അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐസിടി പാഠപുസ്തകങ്ങൾ. ഐടി പരീക്ഷ എന്നീ |

പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. കൂടാതെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപന പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/ പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയുടെ വെളിച്ചത്തിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ കാര്യത്തിൽ എത്ര ശതമാനം വർദ്ധനവാണ് 2017-18 അധ്യയന വർഷം പ്രതീക്ഷിക്കുന്നത്; | (സി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പൂർണ്ണമായ രീതിയിൽ നടപ്പിലാക്കി കഴിയുമ്പോൾ കുട്ടികളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു. |
| (ഡി) | നടപ്പു വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ എന്ത് തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ? | (ഡി) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പരിപാടിക്കായി തുക ഒന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ